ശ്രീ. പി.ജെ. ജോസഫ് : സംസ്ഥാനഗവണ്മെന്റ് അതിലൊരു നിലപാട് സ്വീകരിച്ചിരുന്നു. മറ്റുവകുപ്പുകൾ ദേശീയാടിസ്ഥാനത്തിലുള്ളതാണ്. ഈ കോഴ്സുകൾ ഇവിടെ മാത്രമല്ല ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും നടപ്പാക്കിയിട്ടുള്ളതാണ്. അതുകൊണ്ട് ആ വകുപ്പുകളൊക്കെ വി.എച്ച്. എസ്. ഇ. നടത്തുന്ന കോഴ്സുകൾ അംഗീകരിക്കേണ്ടതാണ്. അക്കാര്യം അവരുടെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ചാണ് ചോദ്യം. ഇവിടെ ചോദിച്ചിട്ടുള്ള ചോദ്യത്തിന്റെ ഹെഡ്ഡിംഗ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്വാശ്രയകോളേജ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതിയാണ്, ഇത് പൂർണ്ണമായും പ്രൊഫഷണലാണ്. എന്നാൽ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാതൊരു കാരണവശാലും ഒരു പ്രസ്താവനയിൽ കണ്ടത് സ്വാശ്രയകോളേജുകൾ സഹകാര്യമേഖലയിൽ അനുവദിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നാണ്. ഈ രണ്ടു പ്രസ്താവനകളിൽ ഏതാണ് ശരി; ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ നിലപാട് എന്താണെന്ന് ഒന്ന് വ്യക്തമാക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : ആ ഒരു വിഷയത്തെക്കുറിച്ച് ആലോചിക്കുകയാണ്. അത് ഓപ്പൺ ആണ്. അതേക്കുറിച്ച് ആലോചിച്ചിട്ടില്ലായെന്ന് പറഞ്ഞതായിട്ടാണ് ഞാൻ വായിച്ചത്. എന്തായാലും അതേക്കുറിച്ച് ഇതേവരെ തീരുമാനിച്ചിട്ടില്ല എന്നതാണ് വസ്തുത. അതൊരു ഓപ്പൺ വിഷയമാണ്.

മി. സ്പീക്കർ : യേസ്, ചോദ്യം 418 .

### 3 (*418) സഹകരണ മേഖലയിൽ ആശുപത്രികൾ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചികിത്സാരംഗത്തെ അത്യാധുനിക സൗകര്യങ്ങൾ കുറഞ്ഞ ചെലവിൽ സാധാരണക്കാർക്ക് ലഭ്യമാക്കാൻ സഹകരണ മേഖലയിൽ ആശുപത്രികൾ സ്ഥാപിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സഹകരണമേഖലയിൽ അത്യാധുനിക സൗകര്യങ്ങൾ ഉള്ള കൂടുതൽ ആശുപത്രികൾ സംസ്ഥാനത്ത് ആരംഭിക്കേണ്ടതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ആശുപത്രികൾ കൂടുതൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് സഹകരണ ആശുപത്രികൾക്ക് ഒരു ഫെഡറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിൽ കഴിഞ്ഞ മൂന്നുവർഷമായി എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ)&(ബി) സംസ്ഥാനത്ത് ഇപ്പോൾ 149 ആശുപത്രി സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇവയിൽ 92 എണ്ണം ഡിസ്പെൻസറികളാണ്. അപ്പെക്സ് ഫെഡറേഷൻ വഴി പ്രാഥമിക സഹകരണ ആശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും സർക്കാർ ആശുപത്രികളോടനുബന്ധിച്ച് പേവാർഡുകളും ഹൈടെക് ലാബുകളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കും.

(സി) സംസ്ഥാനത്തെ സഹകരണ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനത്തെ സംബന്ധിച്ച് പഠിക്കുന്നതിനും അവ പുനരുദ്ധരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിക്കുകയും, പ്രസ്തുത കമ്മിറ്റിയുടെ പഠന റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നു.

(ഡി) സഹകരണ ആശുപത്രികൾ രൂപീകരിക്കുവാൻ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഇ)&(എഫ്) സംസ്ഥാനത്തെ സഹകരണ ആശുപത്രികളുടെ ഫെഡറേഷനായ കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഫെഡറേഷൻ ക്ലിപ്തം 4420, 27.1.1999-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, 27.1.'99-ന് കേരളാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഫെഡറേഷൻ പുതിയതായി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുകയുണ്ടായി. കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏതേത് സ്ഥലങ്ങളിൽ ആരംഭിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്; വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് നിബന്ധനകൾ എന്തൊക്കെയാണ്?

ശ്രീ. എസ്. ശർമ്മ : ഹോസ്പിറ്റൽ ഫെഡറേഷന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സഹകരണ മേഖലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതുപോലെ പാരാമെഡിക്കൽ വിഷയത്തിൽ പഠനം നടത്താനുള്ള സ്ഥാപനങ്ങൾക്ക് അപേക്ഷകൾ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുമോ?

ശ്രീ. എസ്. ശർമ്മ : സഹകരണ മേഖലയിലെ ധനസ്രോതസ് ഉപയോഗപ്പെടുത്തി മുഖ്യമന്ത്രി ചെയർമാനായി ഒരു പ്രൊഫഷണൽ അക്കാഡമി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അക്കാഡമിയുടെ നേതൃത്വത്തിൽ എറണാകുളത്ത് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് തീരുമാനം എടുത്തു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ : സർ, കുട്ടികളുടെയും സ്ത്രീകളുടെയുമൊക്കെ ആരോഗ്യവുമായി ബന്ധപ്പെട്ട് യൂണിസെഫ്, ലോകാരോഗ്യ സംഘടന പോലുള്ള സംഘടനകൾ കോടിക്കണക്കിന് രൂപ ചെലവാക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് നമ്മുടെ സഹകരണ ആശുപത്രികൾ സ്പെഷ്യാലിറ്റീസ് ഉണ്ടാക്കാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ? യൂണിസെഫിൽ നിന്നും ഡബ്ല്യൂ.എച്ച്.ഒ.യിൽ നിന്നുമൊക്കെ ഫണ്ട് സ്വരൂപി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുകൊണ്ട് കുട്ടികളുടെയും സ്ത്രീകളുടെയുമൊക്കെ വെൽഫെയറിനായി സ്പെഷ്യാലിറ്റികൾ ഉണ്ടാക്കാൻ സർക്കാർ മുൻകൈ എടുക്കുമോ?

ശ്രീ. എസ്. ശർമ്മ : ഇപ്പോൾ ആരോഗ്യവകുപ്പിന്റെ ഭാഗമായി അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ശ്രീ. പി. വിശ്വൻ : നമ്മുടെ സഹകരണ ആശുപത്രികളിൽ യഥാർത്ഥത്തിൽ ഡോക്ടർമാരുടെ കുറവുണ്ട്. ആവശ്യമായ ഡോക്ടർമാരെയും സ്പെഷ്യലിസ്റ്റുകളെയും കിട്ടുന്നില്ല. എം.ബി.ബി.എസ്. ഡോക്ടർമാരെ സ്ഥിരമായി കിട്ടുന്നില്ല. കാരണം അവർ പി.ജി. കോഴ്സിനു പോകും. അങ്ങനെ വരുമ്പോൾ ചുരുങ്ങിയ ചെലവിൽ ചികിത്സയ്ക്കുപറ്റിയ കേന്ദ്രങ്ങളായതുകൊണ്ട് ഇത്തരം മേഖലകളിലേയ്ക്ക് ഡോക്ടർമാരെ ഡെപ്യൂട്ട് ചെയ്യാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. എസ്. ശർമ്മ . പല സഹകരണ ആശുപത്രികളിലും ആവശ്യപ്പെടുന്ന പ്രകാരം ഡോക്ടർമാരെ ലഭിക്കുന്നില്ലായെന്നുള്ള പരിമിതിയുണ്ട്. ഇത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള ശ്രമം ഗവണ്മെന്റ് തുടരുകയാണ്.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : സർ, സംസ്ഥാനത്തെ സഹകരണ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനങ്ങളെ കുറിച്ച് പഠിക്കുന്നതിനും അവ പുനരുദ്ധരിക്കുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ വച്ചിട്ടുണ്ട്. ആ വിദഗ്ദ്ധ സമിതി റിപ്പോർട്ട് തന്നിട്ടുണ്ടെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. അതിന്റെ വിശദാംശം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ശ്രീ. എസ്. ശർമ്മ : ശ്രീ. ഇ. നാരായണൻ ചെയർമാനായി ഈ നിയമസഭയിലെ അംഗങ്ങളായ ശ്രീ. കെ.പി.എ. മജീദ്, ശ്രീ. കെ.എ. ചന്ദ്രൻ, സഹകരണ രജിസ്ട്രാർ തുടങ്ങിയുള്ള ആളുകൾ അടങ്ങിയ സമിതി ഒരു പഠനം നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതിന് ചോദ്യോത്തരവേളയിൽ സമയം അനുവദിക്കുന്നില്ല. 12 ഭാഗങ്ങളിലായി 126 പേജുകൾ അടങ്ങുന്നതാണ് റിപ്പോർട്ട്. പൊതുവിൽ പറഞ്ഞാൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഹോസ്പിറ്റലുകളുടെ പ്രവർത്തനത്തിനും പുനരുദ്ധാരണത്തിനും ഭാവി വികസനത്തിനും വളരെയേറെ പ്രയോജനം ലഭിക്കുന്നതിന് സഹായകരമായിട്ടുള്ള റിപ്പോർട്ട് എന്നുള്ള നിലയ്ക്ക് ആണ് ഗവണ്മെന്റ് അതിനെ കണ്ടിട്ടുള്ളതും അംഗീകരിച്ചിട്ടുള്ളതും.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : പ്രാഥമിക സഹകരണ ആശുപത്രികൾക്ക് ഇന്ന് ഏറ്റവും വലിയ പ്രശ്നമെന്നു പറയുന്നത് സൗകര്യപ്രദമായ കെട്ടിടങ്ങളും ഹൈടെക് ലാബ് സൗകര്യങ്ങളും ഇല്ല എന്നുള്ളതാണ്. നല്ല കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഹൈടെക് ലാബ് കൊടുക്കുന്നതിനും ഗവണ്മെന്റ് ആവശ്യമായ സഹായം ചെയ്യുമോ; അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ശ്രീ. എസ്. ശർമ്മ : പഠന റിപ്പോർട്ട് പ്രകാരം 149 സഹകരണ ആശുപത്രികളാണ് കേരളത്തിൽ പ്രവർത്തിച്ചുവരുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പല ആശുപത്രികളും വാടകയ്ക്കാണ് പ്രവർത്തിക്കേണ്ടിവരുന്നത് എന്നുള്ളത് സാമ്പത്തിക പ്രയാസം കൊണ്ടാണ്. ഇത് പരിശോധിച്ചുകൊണ്ട് ഹോസ്പിറ്റൽ ഫെഡറേഷൻ മുൻകൈ എടുത്ത് ഹഡ്കോയുടെ സഹായത്തോടുകൂടി തെരഞ്ഞെടുക്കപ്പെട്ട 50 ആശുപത്രികൾക്ക് പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക സഹായം ഹഡ്കോ വഴി നേടിക്കൊടുക്കുന്നതിന് ഹോസ്പിറ്റൽ തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ.പി.എ. മജീദ് : സർ, സഹകരണ മേഖലയിലെ ആശുപത്രികളെ സംബന്ധിച്ച് പലതും നിശ്ചലമാകാനുള്ള പ്രധാനപ്പെട്ട കാരണം ഡോക്ടർമാരെ കിട്ടാനുള്ള പ്രയാസമാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡോക്ടർമാരെ കൊടുക്കാനുള്ള പരിപാടി ഉണ്ടായിരുന്നു. ഇടക്കാലത്ത് അത് നിർത്തലാക്കി. ഈ ശുപാർശയുടെ പ്രധാനപ്പെട്ട ഭാഗം എന്നു പറയുന്നത് സഹകരണ മേഖലകളിലെ ആശുപത്രികൾക്ക് ആവശ്യമായ ഡോക്ടർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കൊടുക്കാനുള്ളതാണ്. അത് പുനഃസ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ആരോഗ്യവകുപ്പുമായി അർത്ഥപൂർണ്ണമായ ചർച്ച നടത്തിയിട്ടുണ്ടോ; ആ ശുപാർശ നടപ്പിലാക്കിയാലേ പ്രശ്നങ്ങൾ തീർക്കാൻ കഴിയുകയുള്ളൂ. ആ കാര്യം ഗവണ്മെന്റ് ഗൗരവമായി പരിഗണിക്കുമോ?

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രശ്നം ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. കൂട്ടായി ആലോചിച്ച് തീരുമാനം എടുക്കുന്നതാണ്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : സഹകരണാശുപത്രികൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വിദഗ്ദ്ധ ഡോക്ടർമാരെ ലഭിക്കുകയെന്നുള്ളതാണ്. സ്വകാര്യ ആശുപത്രികൾ വൻതോതിൽ ശമ്പളം കൊടുത്തുകൊണ്ട് വിദഗ്ദ്ധ ഡോക്ടർമാരെ ആകർഷിച്ച് എടുക്കുമ്പോൾ അതുപോലെ ശമ്പളം കൊടുത്ത് നിലനിർത്താൻ സഹകരണ ആശുപത്രികൾക്ക് കഴിയുന്നില്ലായെന്ന വസ്തുത പരിഗണിച്ച് സഹകരണാശുപത്രിയിലേക്ക് ഡോക്ടർമാരെ ഡെപ്യൂട്ടേഷനിൽ കൊടുക്കുകയും വിദേശത്തേക്ക് ഡെപ്യൂട്ടേഷനിൽ പോകുന്നത് നിർത്തുകയും ചെയ്യുന്ന വിധത്തിലുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട അംഗം ചോദിച്ചതിന് ഞാൻ ആദ്യം തന്നെ മറുപടി പറഞ്ഞു കഴിഞ്ഞു. ഇതിപ്പോൾ എവിടെയെങ്കിലും കൂടുതലുണ്ടായിട്ട് കിട്ടാതിരിക്കുന്നതല്ല. പൊതുവിൽ ഡോക്ടർമാരുടെ, ഈ വിധത്തിൽ സ്പെഷ്യലൈസ് ചെയ്തവരുടെ കുറവ് ഉണ്ടെന്നുള്ളത്, ആവശ്യത്തിന് ലഭ്യമാക്കുന്നില്ല എന്നുള്ളത് ഒരു പൊതു കുറവിന്റെ ഭാഗമായിട്ടു വേണം കാണാൻ. ഈ പ്രശ്നം എങ്ങനെ പരിഹരിക്കാം എന്നുള്ളത് കൂട്ടായി ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. ഇ.എം. അഗസ്തി : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് 149 സഹകരണസ്ഥാപനങ്ങളും പരിയാരത്ത് സഹകരണ മേഖലയിൽ ഒരു മെഡിക്കൽ കോളേജും ഇപ്പോൾ തന്നെയുണ്ട്. സഹകരണ മേഖലയിൽ വീണ്ടും മെഡിക്കൽ കോളേജ് ആരംഭിക്കുമെന്നാണ് ഗവണ്മെന്റ് വ്യക്തമാക്കിയിരിക്കുന്നത്. ഇത്രയും വിപുലമായ ഒരു മേഖലയിൽ ഡോക്ടർമാർ ഉൾപ്പെടെ മെഡിക്കൽകോളേജ് പ്രിൻസിപ്പൽ ഉൾപ്പെടെയുള്ള നിരവധി നിയമനങ്ങൾ നടക്കുന്നു. എന്നാൽ നിരവധിയായ നിയമനങ്ങൾക്കു വേണ്ടി പ്രത്യേകമായ നിയമന സംവിധാനമോ റിക്രൂട്ടിംഗ് ഏജൻസിയോ ഉണ്ടാക്കാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ? അത് അവരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് സഹകരണനിയമത്തിലെ ചട്ടങ്ങൾക്ക് വ്യത്യസ്തമാണ്. ആശുപത്രികളിലെ അവരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് എന്തെങ്കിലും പ്രത്യേകമായ സംവിധാനം ഉണ്ടാക്കാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ . മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള അതിന്റെ സ്പെഷ്യൽ ഓഫീസറെ വച്ചുകൊണ്ടുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ് ആ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ അതിന്റെ മറ്റു വിശദാംശത്തെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുകയുള്ളൂ.

ശ്രീ. ടി.കെ. ബാലൻ : സർ, വടക്കേ മേഖലയിലെ സഹകരണ മേഖലയിൽ വളരെ പ്രശസ്തമായി നടക്കുന്ന ഒരു സഹകരണാശുപത്രിയാണ് എ. കെ.ജി. സഹകരണാശുപത്രി. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിന് അർഹതപ്പെട്ടിട്ടുള്ള ലിസ്റ്റിൽ ഇത്തരം പ്രധാനപ്പെട്ട സഹകരണാശുപത്രികളുടെ പേര് കാണാറില്ല. ഈ കുറവ് പരിഹരിക്കാൻ സർക്കാർ ശ്രദ്ധിക്കുമോ?

ശ്രീ. എസ്. ശർമ്മ : ഇത് ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. പി.ജെ. ജോയി : നമ്മുടെ ഗ്രാമപഞ്ചായത്തിലെ ആശുപത്രികളൊക്കെ ഇന്ന് പഞ്ചായത്തിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഇവിടെ നിന്നും കിട്ടുന്ന പദ്ധതി വിഹിതം കൊണ്ടു കാര്യമായി ഒന്നും ചെയ്യാൻ ഈ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയുന്നില്ല. ഈ സന്ദർഭത്തിൽ റെമ്യൂണറേഷൻ ലഭിക്കുന്ന നടപടികൾ നിർബന്ധമായും ഏതെങ്കിലും പഞ്ചായത്തിലെ ആശുപത്രികളിൽ ഏറ്റെടുക്കാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ . ഇത് സർക്കാർ ഫെഡറേഷനുമായി ബന്ധപ്പെട്ട ചോദ്യം അല്ല.

ശ്രീ. എൻ. അനിരുദ്ധൻ . സർ, ഇന്ന് അത്യന്താധുനിക ചികിത്സാ സൗകര്യങ്ങൾ നമ്മുടെ സംസ്ഥാനത്തുള്ള സ്പെഷ്യാലിറ്റി ആശുപത്രികളിൽ ലഭ്യമാണ്. എന്നാൽ മഹാഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾക്ക് ആ ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതിന് സാദ്ധ്യമല്ലാതെ സാമ്പത്തിക ബുദ്ധിമുട്ടിലാണ് കാണുന്നത്. അങ്ങനെയുള്ള ഈ ദുഃസ്ഥിതിക്ക് പരിഹാരം കണ്ട് ആധുനിക ചികിത്സാ സൗകര്യങ്ങൾ നോക്കി കാണാൻ അവസരം ലഭിച്ചിട്ടുള്ളതും ലഭ്യമാക്കാൻ കഴിയാത്തതുമായ പാവപ്പെട്ട ജനങ്ങൾക്ക് സഹകരണാശുപത്രിയിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ: അങ്ങനെ ചെയ്യാൻ കഴിയുമെങ്കിൽ എന്താണ് ചെയ്യാൻ കഴിയുന്നത് എന്ന് പറയുമോ?

ശ്രീ. എസ്. ശർമ്മ : സർക്കാരിന് ഒരു സമൂഹത്തിന്റെ ആരോഗ്യ പരിപാലനരംഗത്തെ ആവശ്യം പൂർണ്ണ അളവിൽ നിറവേറ്റാൻ കഴിയുന്നതിനുള്ള സാമ്പത്തിക പരിമിതി ഒരു ഭാഗത്ത്, അതേസമയം അടുത്ത പ്രൂഷണത്തിന് സ്വകാര്യ മേഖല വിധേയമാകുന്നതിനുള്ള പ്രയാസം മറു ഭാഗത്ത്. ഇത് രണ്ടിന്റെയും നടുവിൽ നിന്നുകൊണ്ട് യഥാർത്ഥത്തിൽ സർക്കാർ നടത്തിവരുന്ന പരിശ്രമങ്ങളെ ഒരളവിൽ മറ്റൊരു രൂപത്തിൽ സഹായിക്കുക എന്ന ഉദ്ദേശത്തോടുകൂടി ലാഭം ഇച്ഛിക്കാനും നഷ്ടം വരാതെ ഈ മേഖലയിലെ സേവനം ജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് സഹകരണ ഹോസ്പിറ്റലിന്റെ ലക്ഷ്യം.

ശ്രീ. പി.കെ.കെ. ബാവ : നമ്മുടെ നാട്ടിലെ പ്രൈവറ്റ് ആശുപത്രികളെ സമീപിക്കാൻ കഴിയാതെ പാവപ്പെട്ട ആളുകൾ ആശ്രയിക്കുന്നത് പലപ്പോഴും സർക്കാർ ആശുപത്രികളെയാണ്. പക്ഷേ സർക്കാർ ആശുപത്രികളുടെ പരാധീനത എല്ലാവർക്കും അറിയാവുന്നതാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ പാവപ്പെട്ട ആളുകൾക്ക് പലപ്പോഴും ആശ്രയിക്കേണ്ടിവരുന്നത് സഹകരണ ആശുപത്രികളെയാണ്. അങ്ങനെയുള്ള സഹകരണാശുപത്രികളിൽ ചിലേടങ്ങളിലൊക്കെ പാവപ്പെട്ട രോഗികളിൽ നിന്നും കൂടുതൽ ചാർജ് ഈടാക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്ന ഒരു തോന്നൽ പാവപ്പെട്ടവരെ സംബന്ധിച്ച് ഉണ്ടാകുന്നു. ഇതു സംബന്ധിച്ച് ഗവണ്മെന്റിന് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ? ഗവണ്മെന്റിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ? അങ്ങനെ വരുന്നില്ല, അവരോട് ന്യായമായ രീതിയിലാണ് കാശ് വാങ്ങുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനു വേണ്ടി എന്തെങ്കിലും നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതായ പ്രശ്നം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചൂണ്ടിക്കാണിച്ചത് വച്ചുകൊണ്ട് ഗവണ്മെന്റ് പരിശോധിക്കുന്നതാണ്.

**4 (*419) കൃഷിനാശം സംഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി സഹകരണ മേഖലയിൽ പദ്ധതി**

ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിനാശം സംഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി സഹകരണ മേഖലയിൽ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ, വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ കാർഷിക സമാശ്വാസ പദ്ധതിയുടെ വിശദവിവരം നൽകുമോ;

(സി) ഈ പദ്ധതി പ്രകാരം കൃഷി നശിക്കുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇതിനുള്ള തുക കണ്ടെത്തുന്നതിനായി പുതിയ എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) പ്രകൃതിക്ഷോഭം നിമിത്തം വ്യാപകമായ വിളനാശം സംഭവിച്ചിട്ടുള്ള സ്ഥലങ്ങളിലെ കൃഷിക്കാർ എടുത്തിട്ടുള്ള സഹകരണ കാർഷിക ഹ്രസ്വകാല വായ്പകൾ മദ്ധ്യകാല വായ്പകളാക്കി മാറ്റുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. വരൾച്ച, വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, കീടങ്ങൾ, വെട്ടുകിളി മുതലായവ നിമിത്തം വ്യാപകമായ വിളനാശം സംഭവിച്ചിട്ടുണ്ടെങ്കിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും അംഗങ്ങൾ എടുത്തിട്ടുള്ള ഹ്രസ്വകാല മദ്ധ്യകാല വായ്പകളാക്കി മാറ്റാവുന്നതാണ്. ഇതിനുള്ള ആനുകൂല്യം ലഭിക്കുന്നതിന് പ്രസ്തുത പ്രദേശം പ്രകൃതി ദുരന്തം സംഭവിച്ച പ്രദേശമായി സർക്കാർ പ്രാഖ്യാപിക്കുകയും ഇതിന്റെയടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർ വിളനാശം സംബന്ധിച്ച് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യണം. പ്രാഥമിക കാർഷിക വായ്പ സഹകരണസംഘം ജില്ലാ സഹകരണ ബാങ്ക് വഴി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ നബാർഡിന്റെ അംഗീകാരത്തിന് വിധേയമായി കൺവർഷൻ അനുവദിക്കുന്നുണ്ട്.

(ബി) നിലവിൽ ഇത്തരം ഒരു പദ്ധതിയില്ല.



LIBRARY ARCHIVES Kerala Legislative Assembly